**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3699** **27-06-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യെ പൊതുമേഖലയിൽ നിലനിർത്തുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | പൊതുമേഖലയെ തകർക്കുന്ന കേന്ദ്ര സർക്കാർ നയത്തിൽ നിന്ന് വ്യത്യസ്തമായി കെ.എസ്.ആർ.ടി.സി.-യെ പൊതുമേഖലയിൽ നിലനിർത്താൻ സർക്കാർ നൽകി വരുന്ന സഹായങ്ങൾ സംബന്ധിച്ച വിവരം അറിയിക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യെ പൊതുമേഖലയിൽ നിലനിർത്താൻ കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം നികത്തി സ്ഥാപനത്തെ സന്തുലിതാവസ്ഥയിൽ എത്തിക്കാൻ വേണ്ടി സർക്കാർ വായ്പ വിഹിതയിനത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ 2037.51 കോടി രൂപയും, 2022-23 സാമ്പത്തിക വർഷത്തിൽ 1434.81 കോടി രൂപയും, 2023-24 സാമ്പത്തിക വർഷത്തിൽ 2065.56 കോടി രൂപയും 2024-25 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 496.90 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണവും, ഇ-ഗവേണൻസും, വാഹന വ്യൂഹങ്ങളുടെ നവീകരണം, വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ്, അടിസ്ഥാന സൗകര്യ വികസനവും വർക്ക്ഷോപ്പുകളുടെ നവീകരണവും, ജീവനക്കാർക്കും ഓഫീസർമാർക്കും പരിശീലനം തുടങ്ങി വിവിധ പദ്ധതികളുടെ നടത്തിപ്പിനായി പദ്ധതി വിഹിതമായി 2021-22 സാമ്പത്തിക വർഷത്തിൽ 87.21 കോടി രൂപയും, 2022-23 സാമ്പത്തിക വർഷത്തിൽ 85.14 കോടി രൂപയും 2023-24 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 17.82 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>ഇതിനുപുറമെ പ്രതിദിന വരുമാനത്തിൽ നിന്നും പെൻഷൻ നൽകാൻ കഴിയാതെ വന്നതോടെ സർക്കാർ മുൻകൈയെടുത്ത് സഹകരണ വകുപ്പുമായി ചേർന്ന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് പെൻഷൻ മുടക്കം കൂടാതെ നൽകി വരുന്നു. ഇത്തരത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ നിന്ന് ലഭ്യമാക്കിയ തുക പലിശ ഉൾപ്പെടെ സർക്കാർ തന്നെ മടക്കി നൽകുകയും ചെയ്യുന്നുണ്ട്. |

കെ.എസ്.ആർ.ടി.സി.യും കെ.റ്റി.ഡി.എഫ്.സി.യും നേരിടുന്ന സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത്, 625 കോടി രൂപ രണ്ട് ഗഡുക്കളായി സർക്കാർ കെ.റ്റി.ഡി.എഫ്.സി.ക്ക് അനുവദിച്ചിരുന്നു. ടി സർക്കാർ ധനസഹായം ലഭ്യമാക്കി കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും വായ്പകൾ ഒടുക്കിത്തീർത്തതുവഴി കെ.എസ്.ആർ.ടി.സി.യുടെ ക്രെഡിറ്റ് റേറ്റിംഗ് 'D-Default' കാറ്റഗറിയിൽ നിന്നും 'C-Stable' കാറ്റഗറിയിലേക്ക് ഉയർന്നു. ഇപ്രകാരം ക്രെഡിറ്റ് റേറ്റിംഗ് ഉയർന്നതുവഴി നിലവിലെ കൺസോർഷ്യം വായ്പ അറേഞ്ച്മെന്റിൽ ഉൾപ്പെടുത്തി 450 കോടി രൂപ ദീർഘകാല തിരിച്ചടവുള്ള അധിക വായ്പയായി അനുവദിച്ച് നൽകുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ നേതൃത്വത്തിലുള്ള മെമ്പർ ബാങ്കുകൾ സന്നദ്ധത അറിയിക്കുകയുണ്ടായി. 450 കോടി രൂപയുടെ അധിക വായ്പ ഈ സാമ്പത്തിക വർഷം സെപ്റ്റംബർ മാസത്തോടുകൂടി ലഭ്യമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ടി തുക വിനിയോഗിച്ച് ഡോക്കിലുള്ള ഏകദേശം 700 ബസ്സുകൾ നിരത്തിലിറക്കുന്നതുൾപ്പെടെയുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുമാന വർദ്ധനവ് കൈവരിക്കാൻ കഴിയുന്നതാണ്.

2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.യ്ക്കുള്ള വായ്പ വിഹിതമായും, പദ്ധതി വിഹിതമായും സർക്കാർ യഥാക്രമം 900 കോടി രൂപയും, 128.54 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. ടി പദ്ധതി വിഹിതത്തിൽ 92 കോടി രൂപ പുതിയ ബസ്സുകൾ വാങ്ങി നിരത്തിലിറക്കുന്നതിനായാണ് വകയിരുത്തിയിട്ടുള്ളത്. ടി തുക വിനിയോഗിച്ച് 220 പൂർണ്ണ നിർമ്മിത നോൺ എ.സി. ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ നിരത്തിലിറക്കാനാണ് ലക്ഷ്യമിടുന്നത്. ഇപ്രകാരം ബസ്സുകൾ നിരത്തിലിറക്കി ടിക്കറ്റ് വരുമാനത്തിൽ പ്രതിമാസം ശരാശരി 16 കോടി രൂപ വരെ വർദ്ധനവ് കൈവരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത്തരത്തിൽ കെ.എസ്.ആർ.ടി.സി.യെ പൊതുമേഖലയിൽ സംരക്ഷിച്ച് നിലനിർത്തുന്നതിന് മുൻകാലങ്ങളിലൊന്നും ലഭ്യമാകാത്ത വിധത്തിലുള്ള സാമ്പത്തിക സഹായമാണ് അനുവദിച്ച് നൽകുന്നത്.

റൂട്ട് ദേശസാൽക്കരണം സംബന്ധിച്ച് പുതുക്കിയ വിജ്ഞാപനം ജി.ഒ.(പി) നം. 13/2023 ആയി 03.05.2023-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട റൂട്ടുകളിലും

| | | | |
|---|---|---|---|
| | | | സർവീസ് നടത്തുന്നതിനുള്ള അവകാശം പൂർണ്ണമായും കെ.എസ്.ആർ.ടി.സി.യിൽ വന്നുചേരുന്നു. കൂടാതെ അനധികൃതമായി ദീർഘദൂര സർവീസ് നടത്തിവന്നിരുന്ന സ്വകാര്യ ബസ്സുകൾക്ക് സർവീസ് നടത്തുന്നതിന് 140 കിലോമീറ്റർ ആയി ദൂരപരിധി നിശ്ചയിക്കുകയും സ്വകാര്യ ബസ്സുകളെ ഓർഡിനറി സർവീസുകളായി തുടരുന്നതിന് അനുമതി നൽകിയിട്ടുള്ളതുമാണ്. ഇതിലൂടെ ദേശസാൽകൃത റൂട്ടുകളിലെ ദീർഘദൂര സർവീസുകൾ പൂർണ്ണമായും കെ.എസ്.ആർ.ടി.സി.ക്ക് മാത്രമായി മാറ്റിയിട്ടുള്ളതാണ്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി., കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് വാഹനങ്ങളുടെ മോട്ടോർ വാഹന നികുതി ഏപ്രിൽ 2026 വരെയുള്ള കാലഘട്ടത്തിൽ ഒഴിവാക്കി നൽകിയിട്ടുണ്ട്. മോശം സാമ്പത്തിക സ്ഥിതിയിലൂടെ കടന്നുപോകുന്ന കെ.എസ്.ആർ.ടി.സി.ക്ക് ഇതിലൂടെ പ്രതിവർഷം ശരാശരി 13 കോടി രൂപ ചെലവ് കുറക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി.-യെ പ്രവർത്തന ലാഭത്തിലെത്തിക്കുന്നതിന് ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ബി) | ടിക്കറ്റ് / ടിക്കറ്റിതര വരുമാന വർദ്ധനവിലൂടെ കെ.എസ്.ആർ.ടി.സി.യെ ലാഭവും, നഷ്ടവുമില്ലാതെ സന്തുലിതാവസ്ഥയിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി കൂടുതൽ റീട്ടെയിൽ ഫ്യൂവൽ ഔട്ട്ലെറ്റുകൾ സ്ഥാപിച്ചും, ബഡ്ജറ്റ് ടൂറിസം പോലുള്ള ജനപ്രിയ പദ്ധതികൾ കൂടുതൽ വ്യാപിപ്പിച്ചും അഡ്വെർട്ടൈസ്മെന്റ്, ലോജിസ്റ്റിക്സ് തുടങ്ങിയ കൊമേഴ്സ്യൽ ആക്ടിവിറ്റീസ് വിപുലീകരിച്ചും കൂടുതൽ വരുമാനം ലക്ഷ്യമിടുന്നുണ്ട്.<br><br>നിലവിൽ പണി പൂർത്തീകരിച്ച വാണിജ്യ സമുച്ചയങ്ങളിൽ, ഹരിപ്പാട് ബസ് സ്റ്റേഷൻ വാണിജ്യ സമുച്ചയത്തിൽ കാനറാ ബാങ്ക്-ന് സ്ഥലം അനുവദിച്ച് നൽകുകയും ആയതിൽ നിന്നും പ്രതിമാസ വാടക ലഭിച്ച് വരുന്നു. നിലമ്പൂർ യൂണിറ്റ് വാണിജ്യ സമുച്ചയം ഒറ്റ യൂണിറ്റായി പരിഗണിച്ച് ടെണ്ടർ നടത്തി 30 വർഷത്തേയ്ക്ക് നൽകിയിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും, ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും, ബസ് സ്റ്റേഷൻ പരസ്യം, മൊബൈൽ ടവർ, Public Information |

system, ഷോപ്പ് ഓൺ വീൽസ്, ബസ് സ്റ്റേഷനുകളിൽ ATM കൗണ്ടറുകൾ മുതലായവയിൽ നിന്നും ടിക്കറ്റിതര വരുമാനം ലഭിച്ച് വരുന്നു. ടിക്കറ്റിതര വരുമാനം വർധിപ്പിക്കാൻ കൊറിയർ & ലോജിസ്റ്റിക്സ് പദ്ധതി നടപ്പിലാക്കി. കൂടുതൽ ഡിപ്പോകളിലേക്ക് പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നതിനും, ഡോർ ഡെലിവറി & പിക്കപ്പ് തുടങ്ങുവാനും ഉള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇടനിലക്കാർ ഇല്ലാതെ നേരിട്ട് Low Floor ഉൾപ്പെടെയുള്ള ബസുകളിൽ പരസ്യം പതിച്ചു വരുന്നു. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷനുമായി ചേർന്ന് Hilly Aqua എന്ന കുപ്പിവെള്ളത്തിന്റെ വില്പന ആരംഭിക്കുകയും, എല്ലാ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലും ബസുകളിലും വ്യാപിപ്പിക്കുവാനും ഉള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. കെ.എസ്.ആർ.ടി.സി.യിലെ യാത്രക്കാർക്ക് ഡിപ്പോകളിൽ നിലവാരമുള്ള നല്ല ഭക്ഷണവും അത്യാവശ്യ സാധനങ്ങളും ലഭ്യമാക്കുന്നതിനായി Restaurant cum Supermarket തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കെ.എസ്.ആർ.ടി.സി.യിലെ യാത്രക്കാർക്ക് ബസുകളിൽ നിലവാരമുള്ള നല്ല ലഘുഭക്ഷണവും പാനീയങ്ങളും ലഭ്യമാക്കുന്ന ഉദ്ദേശത്തോടു കൂടി Snacks Box സ്ഥാപിക്കുവാനുള്ള നടപടികളും, ബസിലെ Seat Cover-ലും Hand rail-ലും പരസ്യം പതിക്കുന്നതിനും ടെണ്ടർ ക്ഷണിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ച് വരുന്നു.

ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.യുടെ മാത്രം ഉപയോഗത്തിനായി സ്ഥാപിച്ചിട്ടുള്ള കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കു കൂടി പ്രയോജനപ്പെടുന്ന രീതിയിൽ യാത്രാ ഫ്യൂവൽറീട്ടെയിൽ ഔട്ട്ലെറ്റുകളും കൂടാതെ വിവിധ ശ്രേണിയിലുള്ള വാഹനങ്ങളുടെ എഞ്ചിൻ ഓയിൽ ഉൾപ്പെടെയുള്ള മുഴുവൻ ലൂബ്രിക്കന്റുകളും പ്രമുഖ എണ്ണ കമ്പനികളുമായി ചേർന്ന് കോർപറേഷന്റെ രൂപമാറ്റം വരുത്തിയ ബസ്സുകളിൽ കേരളത്തിലുടനീളം വിതരണം ചെയ്യുന്നതിനുള്ള ല്യൂബ് ഷോപ്പുകളും സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുകയും ആദ്യഘട്ടത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 8 യാത്രാ ഫ്യൂവൽ റീട്ടയിൽ ഔട്ട്ലെറ്റുകളും രണ്ട് ല്യൂബ് ഷോപ്പുകളും, രണ്ടാം ഘട്ടത്തിൽ 6 യാത്രാ ഫ്യൂവൽ റീട്ടയിൽ ഔട്ട്ലെറ്റുകളും ഇതിനകം ആരംഭിച്ചിട്ടുണ്ട്. പതിനഞ്ചാമത്തെ യാത്രാ ഫ്യൂവൽ ഔട്ട് ലെറ്റായ പെരുമ്പാവൂർ യാത്രാഫ്യൂവൽ ഔട്ട് ലെറ്റ് ഉദ്ഘാടനത്തിനായി സജ്ജമായിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | ടിക്കറ്റിതര വരുമാനം വർധിപ്പിക്കുന്നതിനായി 2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും, ടൂറിസം പദ്ധതികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു. കുറഞ്ഞ ചെലവിൽ വിനോദ സഞ്ചാരം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തി വരികയാണ്. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമായും ബന്ധപ്പെട്ടാണ് ഏറ്റവും കൂടുതൽ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി. നടപ്പാക്കി വരുന്നത്.<br><br>പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ വിനോദ സഞ്ചാരം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തി വരുന്നത്.<br><br>ഊട്ടി, മൈസൂർ, ധനുഷ്കോടി, കൊടൈക്കനാൽ, തിരുപ്പതി തുടങ്ങിയ അന്തർ സംസ്ഥാന ടൂറിസം കേന്ദ്രങ്ങളിലേക്ക് സർവീസുകൾ ആരംഭിക്കുന്നതിനായി കർണാടക, തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷനുമായുള്ള ചർച്ചകൾ പ്രാരംഭഘട്ടത്തിലാണ്.<br><br>IRCTC-യുമായി സഹകരിച്ച് ഓൾ ഇന്ത്യ ടൂർ പാക്കേജുകൾ ചെയ്യുന്നതിനായുള്ള കരാറിന്റെ നടപടികൾ നടന്നു വരുന്നു.<br><br>"കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് സ്റ്റേ" എന്ന പേരിൽ കുറഞ്ഞ ചെലവിൽ താമസ സൗകര്യം ഒരുക്കുന്ന സ്വകാര്യ സംരംഭകരുടെ ലോഡ്ജ് / ഹോം സ്റ്റേ / ഡോർമിറ്ററികളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന പദ്ധതിയ്ക്കും അന്തിമ രൂപം നൽകി വരുന്നു.<br><br>"കെ.എസ്.ആർ.ടി.സി. റിഫ്രഷ്" എന്ന പേരിൽ കേരളത്തിലുടനീളം കെ.എസ്.ആർ.ടി.സി. അംഗീകൃത ഹോട്ടൽ / റെസ്റ്റോറന്റ് ശൃംഖലകൾ വിനോദ സഞ്ചാരികൾക്കും യാത്രക്കാർക്കുമായി സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>നിലവിൽ ഓപ്പൺ ഡെക്ക് ഡബിൾ ഡെക്കർ ബസുകളുടെ സിറ്റി റൈഡ് യാത്രകൾക്കായി യാത്രക്കാർക്ക് ഓൺലൈൻ ബുക്കിംഗ് സംവിധാനം 2024 മെയ് മാസം മുതൽ ആരംഭിച്ചു. സമാന രീതിയിൽ ബി.ടി.സി.യ്ക്കായി ഒരു ടൂറിസം വെബ് പോർട്ടൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഇന്ധന വിലവർദ്ധനവ് കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക സ്ഥിതിയെ ഏത് തരത്തിൽ ബാധിക്കുന്നുവെന്ന് അറിയിക്കാമോ; | (സി) | നിലവിൽ കെ.എസ്.ആർ.ടി.സി.യുടെ ഡീസൽ ഉപഭോഗം പ്രതിദിനം ശരാശരി 346 KL ആണ്. ഇതിനായി ഏകദേശം 3.26 കോടി രൂപ ചെലവ് വരുന്നു. അതിനാൽ ഡീസൽ വിലയിൽ 1 രൂപയുടെ വർദ്ധനവ് ഉണ്ടായാൽ തന്നെ പ്രതിമാസം 90 ലക്ഷം രൂപ അധിക ചെലവ് ഉണ്ടാകുന്നു. നിലവിൽ വൻകിട ഉപഭോക്താവ് എന്ന നിലയിൽ കേരളത്തിൽ നിന്നും ഡീസൽ വാങ്ങുന്നതിന് 97.38 രൂപയും കർണാടകയിൽ നിന്നും 96.32 രൂപയും കെ.എസ്.ആർ.ടി.സി.യുടെ റീട്ടെയിൽ ഔട്ട് ലെറ്റിൽ നിന്നും 94.29 രൂപയുമാണ്. ആയതിനാൽ വൻകിട ഉപഭോക്താവ് എന്ന വിഭാഗത്തിൽ തന്നെ കേരളത്തിലെ വില വർദ്ധനവ് കാരണം നിലവിൽ കെ.എസ്.ആർ.ടി.സി. കർണാടകയിൽ നിന്നും, കെ.എസ്.ആർ.ടി.സി.യുടെ റീട്ടെയിൽ ഔട്ട് ലെറ്റിൽ നിന്നുമാണ് ഡീസൽ വാങ്ങി വരുന്നത്.<br><br>കോർപ്പറേഷന്റെ പ്രവർത്തന ചെലവ് ക്രമാനുഗതമായി വർദ്ധിച്ച് വരുന്നതിന്റെ പ്രധാന കാരണം നിയന്ത്രണമില്ലാതെ വർദ്ധിച്ചുവരുന്ന ഡീസൽ വിലയാണ്. ആയത് വരുമാനത്തിന്റെ 50 ശതമാനത്തിൽ അധികം വരുന്നുണ്ട്. ഇത് കെ.എസ്.ആർ.ടി.സി.ക്ക് കടുത്ത പ്രവർത്തന നഷ്ടം ഉണ്ടാക്കുകയും ഡീസൽ വിലക്ക് ആനുപാതികമായി ഇനിയും ടിക്കറ്റ് നിരക്ക് വർദ്ധിപ്പിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക സ്ഥിതിയെ ഇത് ഗുരുതരമായി ബാധിക്കുന്നുണ്ട്. കൂടാതെ സാമൂഹിക പ്രതിബദ്ധതയിൽ സർവീസ്സുകൾ നടത്തുവാൻ കഴിയാത്ത സ്ഥിതിവിശേഷം സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | വാഹനങ്ങളുടെ ശരിയായ വിനിയോഗം വർദ്ധിപ്പിച്ചും റൂട്ടുകളെ ശരിയായി പുനഃക്രമീകരിച്ചും വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള മാനേജ്മെന്റ് സംവിധാനം പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | കോർപ്പറേഷന്റെ പ്രവർത്തന ചെലവ് ക്രമാനുഗതമായി വർദ്ധിച്ച് വരുന്ന പ്രവണത നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ഡീസലിന്റെയും സ്പെയർ പാർട്സിന്റെയും ചെലവുകൾ പോലും ലഭ്യമാകാത്ത റൂട്ടുകൾ / ട്രിപ്പുകൾ യാത്രക്കാരുടെ സൗകര്യാർത്ഥവും കോർപ്പറേഷന്റെ വരുമാന ലഭ്യത ഉറപ്പുവരുത്തിയും പുനഃക്രമീകരിക്കുന്നതിലൂടെ സർവീസ് ഓപ്പറേഷന് ആനുപാതികമായി, ഡീസൽ ചെലവ് വരുമാനത്തിന്റെ 40 ശതമാനത്തിലേയ്ക്ക് ക്രമാനുഗതമായി കുറച്ചുകൊണ്ട് വരേണ്ടതിലേയ്ക്കായി മലയോര തീരദേശ മേഘലകളിലേക്കും ആദിവാസി മേഖലയിലേയ്ക്കുള്ള സർവീസുകൾ, വിദ്യാർത്ഥി കൺസേഷൻ നൽകിയ ട്രിപ്പുകൾ, KSRTC മാത്രം ഓപ്പറേറ്റ് ചെയ്യുന്ന ഒറ്റപ്പെട്ട റൂട്ടുകൾ എന്നിവ ഒഴിവാക്കി റൂട്ട് റാഷണലൈസേഷൻ ചെയ്യതിലൂടെ |

| | | | |
|---|---|---|---|
| | | | യാത്രക്കാർ ഇല്ലാതെ വരുന്ന ട്രിപ്പുകളും അസമയത്ത് തിരികെ ഡിപ്പോയിലേയ്ക്ക് എത്തിച്ചേരുന്ന വരുമാനക്കുറവുള്ള ട്രിപ്പുകളും പുനഃക്രമീകരിച്ച് ഡീസൽ ചെലവ് കുറക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇത്തരത്തിൽ റൂട്ട് പുനഃക്രമീകരണ നടപടികൾ കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുന്നതിന് നിലവിൽ കാര്യക്ഷമമായ പ്രവർത്തനം നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ